LIBRARY ARCHIVES Kerala Legislative Assembly

പുന്നയ്ക്കാമുഗൾ വാർഡിലെ കൊട്ടർകോണം കളത്തിന്റെ നവീകരണം

122 (8182) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ പുന്നയ്ക്കാമുഗൾ വാർഡിലെ കൊട്ടർകോണം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചത് എന്നാണ് എന്നറിയിക്കുമോ ;

(ബി) പ്രസ്തുതകുളം നവീകരിച്ച് ശുചീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച കാലാവധി എത്രയാണെന്നും ആയത് എന്നുമുതൽ എന്നുവരെ ആണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്നും ആയത് എന്നത്തേക്കു പൂർത്തിയാവും എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 29-3-2012-ലാണ് നേമം നിയോജകമണ്ഡലത്തിലെ പുന്നയ്ക്കാമുഗൾ വാർഡിലെ കോട്ടർകോണം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചത്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 5 മാസം കാലാവധിയാണ് അനുവദിച്ചത്. കരാറുകാരന് സ്ഥലം കൈമാറ്റം ചെയ്ത് 7-4-2012 മുതൽ 6-9-2012 വരെയാണ് കാലാവധി അനുവദിച്ചത്.

(സി) പ്രസ്തുത പ്രവൃത്തി താഴെ പറയുന്ന കാരണങ്ങളാൽ പൂർത്തീകരിച്ചിട്ടില്ല.

കുളത്തിന്റെ വശങ്ങളിൽ കോർപ്പറേഷന്റെ സഹായത്താൽ നിർമ്മിച്ചു നൽകിയ വീടുകളിലെ സെപ്റ്റിക് ടാങ്കുകളിൽനിന്നുള്ള മാലിന്യങ്ങൾ കുളത്തിലേക്ക് നേരിട്ട് ഇറന്ന് വച്ചതായി കാണപ്പെട്ടിട്ടുണ്ട്. പ്രസ്തുത അവസ്ഥയിൽ മാറ്റം വന്നാൽ മാത്രമേ കുളത്തിന്റെ നവീകരണം നടത്തുന്നതുകൊണ്ട് പ്രയോജനമുള്ളൂ. ഇതിനാൽ സെപ്റ്റിക് ടാങ്കുകൾക്ക് പകരം കേരളാ വാട്ടർ അതോറിറ്റിയുടെ സ്വീവേജ് ലൈൻ സ്ഥാപിച്ച് ടോയ്ലെറ്റുകൾ അതിൽ ഘടിപ്പിക്കാനുള്ള പദ്ധതി ഏറ്റെടുക്കുകയും കേരളാ വാട്ടർ അതോറിറ്റി അത് പൂർത്തീകരിക്കുകയും ചെയ്തു. നിലവിലുള്ള ടോയ്ലെറ്റുകൾ മെയിൻ ലൈനിനേക്കാൾ താഴ്ന്നനിലയിൽ സ്ഥിതിചെയ്യുന്ന തിനാൽ ഇപ്പോഴത്തെ നിലയ്ക്ക് ഇതിന്റെ കണക്ഷനുകൾ നൽകാൻ സാധ്യമല്ലാത്ത സ്ഥിതിയിലാണ്. അതിനാൽ ടോയ്ലെറ്റുകൾ ഉയർത്തി പണിത് അതിന്റെ ഔട്ട്

ലെറ്റ് മെയിൻ ലൈനിൽ ഘടിപ്പിച്ചാൽ മാത്രമേ ഇത് ഉപയുക്തമാകുകയുള്ളൂ. ഈ ടോയ്‌ലെറ്റുകൾ സ്വയം പൂട്ടുക്കി പണിയാൻ സാധ്യമല്ലെന്ന് വീട്ടുകാർ അറിയിച്ചതിനാൽ പ്രസ്തുത സ്ഥിതി തുടരുകയാണ്. ഈ അവസ്ഥയിൽ തുടർ നവീകരണം പ്രയോജനരഹിതമാണെന്ന് കണ്ടതിനാലും കരാർ കാലാവധി കഴിഞ്ഞതിനാലും കരാറുകാരൻ ആവശ്യപ്പെട്ടതിനാലും കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പണി മുന്നോട്ട് പോകാൻ സാധിക്കാത്തതിനാലും പ്രസ്തുത പണി ഫോർക്ലോസ് ചെയ്ത് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. മുൻ പ്രസ്താവിച്ച വിധത്തിൽ ടോയ്‌ലെറ്റ് കളുടെ കണക്ഷൻ മാറ്റി നൽകിയതിനുശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ഏറ്റെടുത്താൽ മാത്രമേ കളം നവീകരണം സാദ്ധ്യമാകുകയുള്ളൂ.

കരുനാഗപ്പള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന മിഷൻ 676-ലെ പദ്ധതികൾ

123 (8183) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

മിഷൻ 676-ൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

മിഷൻ 676-ൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഡെപ്പോസിറ്റ് ഹെഡിൽ 6 പദ്ധതികളും ഗ്രാമീണമേഖലയിലെ കുടിവെള്ള പദ്ധതിക്കായി ഒന്നും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഒരു പദ്ധതിയും ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. ഇതിൽ ഒരു പദ്ധതിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

124 (8184) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ ജലവിഭവവകുപ്പ് ഏറ്റെടുത്തതും പൂർത്തിയാക്കിയതുമായ വികസന പദ്ധതികൾ വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly